"ഭരണ ഭാഷ മാതൃഭാഷ"

**ജില്ലാ മെഡിക്കൽ ആഫീസ് (ആരോഗ്യം) ആലപ്പുഴ**

കൊട്ടാരം ബിൽഡിംഗ്,ജനറൽ ആശുപത്രി പരിസരം, ആലപ്പുഴ - 688011

☐ 0477-2251650, 0477-2252329 ☐ dmohalppy@yahoo.co.in

DMOH-ALP/477/2023-A6 തീയതി.02-03-2023

**കാരണം കാണിക്കൽ നോട്ടീസ്**

ചമ്പക്കുളം സാമൂഹ്യാരോഗ്യ കേന്ദ്രത്തിലെ ഫാർമസിസ്റ്റ് ആയ ശ്രീ.സജിമോൻ.എൻ. എന്ന നിങ്ങൾ വിദേശജോലിക്കായി 5 വർഷത്തെ ശൂന്യവേതന അവധിയിൽ പ്രവേശിച്ചിരുന്നു. പിന്നീട് അവധി ദീർഘിപ്പിക്കുന്നതിനായി താങ്കൾ നൽകിയ അപേക്ഷ നിരസിച്ച് തിരികെ അയച്ചുവെങ്കിലും , 29.12.2022 ൽ ജോലിയിൽ പ്രവേശിക്കേണ്ടിയിരുന്ന നിങ്ങൾ നാളിതുവരെയായി ജോലിയിൽ ഹാജരാകാതെ അനധികൃത അവധിയിൽ തുടരുകയാണ്. ഇത് ഗുരുതരമായ അച്ചടക്ക ലംഘനവും , കൃത്യവിലോപവുമാണ്. താങ്കൾ പ്രൊബേഷണർ ആയതിനാൽ അനധികൃതമായി ജോലിയിൽ ഹാജരാകാത്ത കാരണത്താൽ 1958 ലെ കേരളാ സ്റ്റേറ്റ് ആൻറ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിലെ ബന്ധപ്പെട്ട ചട്ടങ്ങൾ പ്രകാരം താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിക്കുന്നതിനും , സർവ്വീസിൽ നിന്നും നീക്കം ചെയ്യുന്നതിനും താൽക്കാലികമായി തീരുമാനിച്ചിരിക്കുന്നു.

ടി തീരുമാനത്തിനെതിരെ താങ്കൾക്കെന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് ഈ നോട്ടീസ് ലഭിച്ച് 15 ദിവസത്തിനകം സമർപ്പിക്കേണ്ടതാണ്. അത് സംബന്ധിച്ച പ്രതിവാദ പത്രികയോ, വിശദീകരണമോ മേൽപ്പറഞ്ഞ കാലയളവിനുള്ളിൽ ലഭിക്കാത്ത പക്ഷം താങ്കൾക്ക് ഈ കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കുവാനില്ല എന്ന നിഗമനത്തിൽ താങ്കളുടെ പ്രൊബേഷൻ അവസാനിപ്പിച്ച് സർവ്വീസിൽ നിന്നും നീക്കം ചെയ്യുവാനുള്ള താൽക്കാലിക തീരുമാനം സ്ഥിരപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്.

Signed by
Dr. Jamuna Varghese
Date: 02-03-2023 13:20:21

DISTRICT MEDICAL OFFICER

സ്വീകർത്താവ്

**ശ്രീ.സജിമോൻ.എൻ**
**ചക്കുംകേറിൽ**
**കെ.ആർ. പുരം. പി. ഒ.**
**ആലപ്പുഴ - 688541**

പകർപ്പ്

**മെഡിക്കൽ ഓഫീസർ**
**സാമൂഹ്യാരോഗ്യ കേന്ദ്രം,ചമ്പക്കുളം.**